A

# പാദവാർഷിക മൂല്യനിർണയം - 2016

## മലയാളം - II

## (അടിസ്ഥാനപാഠാവലി)

സ്റ്റാന്റേർഡ് : IX

സമയം : 1½ മണിക്കൂർ
സ്കോർ : 40

**നിർദേശങ്ങൾ**

- ആദ്യ പതിനഞ്ച് മിനുട്ട് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരം ക്രമപ്പെടുത്തുന്നതിനും ഈ സമയം വിനിയോഗിക്കേണ്ടതാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശരിയായി വായിച്ചു മനസ്സിലാക്കി ഉത്തരം എഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

1. പട്ടിക ക്രമീകരിക്കുക (4)

| രചയിതാവ് | രചനാഭാഗം | ഭാവം |
|---|---|---|
| സുഗതകുമാരി | "മണ്ണ് ഇച്ചീച്ചിയാ" | സന്തോഷം |
| ആഷാമേനോൻ | "പക്ഷേ", തുടർന്നവർ നേരു കണ്ടെത്തുന്നു;- ണ്ടാക്ഷേപിച്ചാലല്ലേ യോഗ്യരാവൂ?" | അറപ്പ് |
| സുസ്മേഷ് ചന്ത്രോത്ത് | ഇന്നു നീ വീണ്ടും ചിരിച്ചൊഴുകുന്നു പോൽ | അമ്പരപ്പ് |
| ഇടശ്ശേരി | ഉടലിന്റെ സന്തുലനം എങ്ങനെയാണ് സൂക്ഷിച്ചതെന്ന് ഇപ്പോഴും ഓർക്കാൻ വയ്യ. | പരിഹാസം |

2. അപ്പോഴാണ് കാളിയപ്പൻ ഒരു കുറുക്കുവഴിയിലൂടെ പ്രധാന നിരത്തിലെത്തിയത്. 'കുറുക്കുവഴി' എന്ന പ്രയോഗം സൂചിപ്പിക്കുന്നതെന്ത്? വലയത്തിൽ നിന്നെടുത്തെഴുതുക.

   (കുറിയ വഴി, കുറഞ്ഞ വഴി, എളുപ്പവഴി, നല്ല വഴി) (1)

3. "<u>കാനനനിഗൂഢതകൾ</u> ചലച്ചിത്രത്തിലെന്നപോലെ എന്റെ മുന്നിൽ വന്ന് മറയുകയായിരുന്നു, യഥേഷ്ടം."

   അടിവരയിട്ട പദം വിഗ്രഹിച്ചെഴുതിയാൽ

   - കാനനവും നിഗൂഢതകളും
   - കാനനത്തിലെ നിഗൂഢതകൾ
   - കാനനമാകുന്ന നിഗൂഢതകൾ
   - കാനനത്താലുള്ള നിഗൂഢതകൾ (1)

4. വിശന്നുചെന്ന ഞങ്ങൾക്ക് ചോറും ഉരുളക്കിഴങ്ങ് വേവിച്ചതും ഉള്ളിച്ചമ്മന്തിയും തയാറാക്കി തന്ന സൊസൈറ്റിയിലെ ആൾക്കാരൊത്ത് പുറംതിണ്ണമേൽ കുശലം കൈമാറുന്നതിനിടയിൽ പലവുരു സമുന്തിരം ഞങ്ങളെ ചോദ്യം ചെയ്യാൻ മുതിർന്നു. (2)

5. "............. രണ്ടു കരങ്ങളൊരായിരം
ധീരഹസ്തങ്ങളായ് മാറി" (തെംസ് നദിയോട്)

- ഈ വരികളിൽനിന്ന് വ്യക്തമാകുന്ന രണ്ട് ആശയങ്ങൾ കണ്ടെത്തി എഴുതുക. (2)

6. കറുപ്പിച്ചുപിടിച്ച മുഖത്തോടെ രാജൻപിള്ള എന്നോടു തിരക്കി: " മി. അരവിന്ദാക്ഷൻ, ലിഫ്റ്റിൽ ഇന്നെന്താണ് സംഭവിച്ചത്"? (ഹരിതമോഹനം)

ഈ സംഭാഷണത്തിന് കഥയിലുള്ള പ്രാധാന്യം വ്യക്തമാക്കി കുറിപ്പ് തയാറാക്കുക. (അരപ്പുറം) (4)

7.
- സൂര്യവെളിച്ചം ഇറ്റിറ്റായാണ് വീണത്.
- വൃക്ഷത്തിന്റെ ജ്വാലകളാണ് പൂക്കൾ.
- അന്ത്യനിശ്വാസങ്ങൾ മരത്തടിയിൽ ഘനീഭവിച്ചു.

മുകളിൽ കൊടുത്ത സൂചനകളുടെ വെളിച്ചത്തിൽ ആഷാമേനോന്റെ രചനാസവിശേഷതകൾ വിശദമാക്കുക. (അരപ്പുറം) (4)

8. "വൃക്ഷങ്ങൾ കവിതകളാണ്;

ഭൂമി ആകാശത്തിലെഴുതിയവ

നാം അവയെ വെട്ടിമുറിച്ചീടുന്നു,

നമ്മുടെ പൊള്ളത്തരങ്ങൾ രേഖപ്പെടുത്താൻ" - (ഖലീൽ ജിബ്രാൻ)

ഈ വരികളിലെ ആശയം 'പൂക്കളൊക്കെയും വാക്കുകളാകുമ്പോൾ' എന്ന യൂണിറ്റ് ശീർഷകവുമായി ബന്ധിപ്പിച്ച് വ്യാഖ്യാനിക്കുക. (അരപ്പുറം) (4)

9. "ആദ്യത്തെ മൊട്ടിന്നു ചുണ്ടുരേചാന്നി, ല്ലവ -
ന്നായിരം പൂക്കൾ വിരിഞ്ഞിതുള്ളിൽ;
ആയിരം പൂക്കാലമൊപ്പമെത്തി പാരി -
ലാദ്യത്തെപ്പൂവൊന്നു കൺമിഴിക്കെ"

പുതിയതൊന്ന് സൃഷ്ടിക്കാൻ കഴിഞ്ഞതിന്റെ ആഹ്ലാദം കവി ആവിഷ്കരിക്കുന്നതെങ്ങനെ? വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക. (അരപ്പുറം) (4)

10. ഫ്ളാറ്റിന്റെ നിയമങ്ങൾ കർശനമായി നടപ്പാക്കുന്ന വ്യക്തിയാണ് രാജൻപിള്ള. അയാൾക്കു മുമ്പിൽ അപരാധിയെപ്പോലെ ചൂളിപ്പോവുകയാണ് അരവിന്ദാക്ഷൻ.

'ഹരിതമോഹനം' എന്ന കഥയിലെ ഈ രണ്ടു കഥാപാത്രങ്ങളുടെയും പ്രകൃതിയോടുള്ള സമീപനങ്ങൾ താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക. (അരപ്പുറം) (4)

11. "കുട്ടനാ മുറ്റത്തിളംവെയിലിൽത്തന്നെ
പൊട്ടിത്തരിച്ചു കുളിർത്തു നിന്നു
മൂത്തവരാരാനുമാവഴി ചെല്ലുകിൽ
മറ്റൊരു പൂവെന്നേ സങ്കൽപ്പിക്കൂ"

- ഈ വരികളിലെ ആവിഷ്കാരഭംഗി വ്യക്തമാക്കുന്ന കുറിപ്പ് തയാറാക്കുക. (അരപ്പുറം) (4)

12.
- "നോക്കെടീ, ഇലവരുന്നത് കണ്ടോ? നമ്മുടെ സ്വന്തം പറമ്പില് ഇവനെ ഞാനൊരിക്കൽ കുഴിച്ചുവയ്ക്കും. നീയും മക്കളും വെള്ളം കോരും. ഇവൻ വലുതാകും."
- "ആ മരങ്ങളൊക്കെ സംരക്ഷിക്കപ്പെടണമെന്നാ അതിന്റെ ഉടമസ്ഥർക്ക്. അരവിന്ദാക്ഷനാകുമ്പോ അതൊന്നും വെട്ടിമുറിക്കുകേലല്ലോ."

'ഹരിതമോഹനം' എന്ന കഥയിലെ ഇത്തരം വൈകാരിക മുഹൂർത്തങ്ങൾ നിങ്ങളെ ആകർഷിച്ചത് എങ്ങനെ എന്ന് വിവരിച്ചുകൊണ്ട് സുഹൃത്തിനുള്ള കത്ത് തയാറാക്കുക. (6)